# കാർഷിക ഇന്റലിജൻസ് വാർത്തകൾ ഇനി മൊബൈൽ ഫോണിലും

കർഷകനും വിപണിയും തമ്മിലുള്ള അന്തരം കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ഒക്റ്റോബർ 12, 2009 മുതൽ കേരള കാർഷിക സർവ്വകലാശാലയുടെ ഹോർട്ടിക്കൾച്ചർ കോളേജിൽ പ്രവർത്തനമാരംഭിച്ച അഗ്രിക്കൽച്ചറൽ മാർക്കറ്റ് ഇന്റലിജൻസ് സെന്ററിനു ചുരുങ്ങിയ കാലയളവിൽ തന്നെ ശ്രദ്ധേയമായ പ്രവർത്തനം കാഴ്ച്ച വയ്ക്കാൻ കഴിഞ്ഞു. ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിനു കീഴിൽ ദേശീയ നവീകരണ പദ്ധതിയുടെ ഭാഗമായി പ്രവർത്തിച്ചു വരുന്ന സെന്റർ കേരളത്തിന്റെ മുഖ്യ വിളകളായ നാളികേരം, കുരുമുളക്, ഏലം എന്നിവയുടെ വിലകൾ ശാസ്ത്രീയമായ പഠനം വഴി മുൻ കൂട്ടി പ്രവചിക്കുകയും, അത് അടിസ്ഥാനമാക്കി കൃഷിയും ഉല്പ്പന്നങ്ങളുടെ വിപണനവും സംബന്ധിച്ച് തീരുമാനങ്ങൾ എടുക്കാൻ കർഷകർക്കു ഒരു വഴികാട്ടിയായി പ്രവർത്തിച്ചു വരുകയും ചെയ്യുന്നു.

സെന്ററിന്റെ വില പ്രവചനങ്ങൾ ഇപ്പോൾ പത്രങ്ങൾ, കാർഷിക മാസികകൾ, റേഡിയോ, ടെലിവിഷൻ എന്നീ മാദ്ധ്യമങ്ങളിലൂടെ കർഷകരിൽ എത്തിക്കുകയാണു ചെയ്തു വരുന്നത്. മോബൈൽ ഫോണിന്റെ വർദ്ധിച്ചുവരുന്ന ഉപയോഗം കണക്കിലെടുത്ത് ഇപ്രകാരമുള്ള വാർത്തകൾ കർഷകരിൽ എത്തിക്കുവാനായി കേരള കാർഷിക സർവ്വകലാശാല ഇഫ്കോ കിസാൻ സഞ്ചാർ ലിമിറ്റഡുമായി ധാരണാപത്രം ഒപ്പിട്ടു. ഈ ധാരണാപത്ര പ്രകാരം അഗ്രിക്കൽച്ചറൽ മാർക്കറ്റ് ഇന്റലിജൻസ് സെന്ററിന്റെ വില പ്രവചനങ്ങളും, വിപണിയുമായി ബന്ധപ്പെട്ട മറ്റു വാർത്തകളും ഇനി മൊബൈലിലും ലഭ്യമാകും.

ഇഫ്കോ കിസാൻ സഞ്ചാർ ലിമിറ്റഡ് ഇന്ത്യയിലെ പ്രമുഖ മൊബൈൽ സേവന ധാതാക്കളായ ഭാരതി എയർടെല്ലിന്റെ സാങ്കേതിക സഹായത്താൽ പുറത്തിറക്കിയിട്ടുള്ള സിം കാർഡായ ഗ്രീൻ കാർഡ് ഉപയോഗിക്കുന്ന ആർക്കും, സാധാരണ സിം കർഡിൽ നിന്നും ലഭ്യമാകുന്ന എല്ലാ സേവനങ്ങൾക്ക് പുറമേ ഈ ശബ്ദ സന്ദേശങ്ങൾ ലഭ്യമാകും. ശബ്ദ സന്ദേശം ലഭിക്കുന്ന സമയത്ത് ഫോൺ ഉപയോഗിക്കാൻ സാധിച്ചില്ലെങ്കിൽ ഉപഭോക്താവിനു തികച്ചും സൗജന്യമായി തിരിച്ച് വിളിച്ച് അവ വീണ്ടും കേൾക്കുവാനുള്ള സൗകര്യവും ഗ്രീൻ കാർഡ് സിം കർഡിൽ ലഭ്യമാണു. ഗ്രീൻ കാർഡ് കണക്ഷൻ കർഷകർക്കു തികച്ചും സൗജന്യമായാണു ലഭ്യമാക്കുന്നത്.